# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE:10.08.2026** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. 2026 കോമൺവെൽത്ത് ഗെയിംസ് മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.

   **Prime Minister Narendra Modi met the medalists of the Commonwealth Games 2026 at his residence in New Delhi.**

2. ഇന്ത്യ - യു.എസ് നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഇ.ഒ.ഡി സ്ഫോടകവസ്തു നശീകരണ പരിശീലനം ഇന്ന് കൊച്ചിയിൽ.

   **The Indian Navy-US Navy Explosive Ordnance Disposal (EOD) Exercise 2026 will be conducted at Southern Naval Command Kochi from today.**

3. രാജ്യത്തെ ഫോസിൽ ഇതര ഊർജ്ജ ഉൽപാദന ശേഷി 300 ഗിഗാവാട്ട് പിന്നിട്ടു ; ഇന്ത്യയുടെ വ്യാവസായിക വളർച്ചയ്ക്കും ഊർജ്ജ സ്വയംപര്യാപ്തതയ്ക്കും അടിത്തറയിടുന്നതാണ് ഈ നേട്ടമെന്ന് കേന്ദ്ര സർക്കാർ.

   **India has crossed 300 gigawatts (GW) of non-fossil fuel-based installed electricity generation capacity. The Union Government stated that this achievement lays the foundation for India's industrial growth and self-reliance in energy sector.**

4. ഇറാനിൽ പുതിയ സൈനിക നീക്കത്തിനില്ലെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

   **Amid continued tensions over the Strait of Hormuz, US President Donald Trump today said that the United States is not currently looking to launch a fresh military offensive on Iran.**

5. **കേരളത്തിൽ മഴയുടെ ശക്തി കുറയുന്നു ; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക്.**

**Rain intensity decreases in Keralam; fishing banned today along Kerala, Karnataka, and Lakshadweep coasts.**

6. **ബൊളീവിയക്ക് ഇന്ത്യയുടെ സഹായഹസ്തം ; 8 മെട്രിക് ടൺ അവശ്യമരുന്നുകളുടെ ശേഖരം കൈമാറിയതായി വിദേശകാര്യ മന്ത്രാലയം.**

**India has dispatched 8 MT consignment of life-saving and essential medicines to Bolivia.**

**************************************************

## PM-CWG MEDALISTS (INTRO)

2026 കോമൺവെൽത്ത് ഗെയിംസിലെ മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ കൂടിക്കാഴ്ച നടത്തി. കായികതാരങ്ങളുടെ മികച്ച പ്രകടനം രാജ്യത്തിന് അഭിമാനകരമാണെന്നും യുവാക്കൾക്ക് പ്രചോദനമാകുമെന്നും അദ്ദേഹം പറഞ്ഞു. കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കാനും പ്രധാനമന്ത്രി ജനങ്ങളോട് അഭ്യർത്ഥിച്ചു.

(വോയിസ്)

കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യയും സന്നിഹിതനായിരുന്നു. സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോവിൽ നടന്ന ഗെയിംസിൽ 13 സ്വർണവും 17 വെള്ളിയും 9 വെങ്കലവും ഉൾപ്പെടെ 39 മെഡലുകൾ നേടിയ ഇന്ത്യ, മെഡൽ പട്ടികയിൽ നാലാം സ്ഥാനത്തായിരുന്നു.

**************************************************

## HAR GHAR TIRANGA

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായുള്ള ഹർ ഘർ തിരംഗ യജ്ഞം രാജ്യമെമ്പാടും ആഘോഷിക്കുന്നു. 'തിരംഗ യാത്രകൾ , റാലികൾ',സംഗീത പരിപാടികൾ',എന്നിവയിലൂടെ പ്രചാരണം എല്ലാവരിലേക്കും എത്തിക്കുകയാണ് ലക്ഷ്യമെന്ന് സാംസ്കാരിക

മന്ത്രാലയം അറിയിച്ചു. ലോകമെമ്പാടുമുള്ള ഇന്ത്യക്കാരെ ത്രിവർണ്ണ പതാകയുടെ ആഘോഷത്തിൽ ഒന്നിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള, 'സൂര്യപഥ്' തിരംഗ സംരംഭം ഇത്തവണ സംഘടിപ്പിക്കുന്നുണ്ട്. 'വന്ദേമാതര'ത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന വേളയെന്ന പ്രത്യേകതയും ഇത്തവണയുണ്ട്. 'ഹർ ഘർ തിരംഗ പ്രചാരണത്തിൽ എല്ലാവരും പങ്കുചേരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു.

*********************************************

## RENEWABLE-CAPACITY (INTRO)

രാജ്യത്തെ ഫോസിൽ ഇതര ഊർജ്ജ ഉൽപാദന ശേഷി 300 ഗിഗാവാട്ട് പിന്നിട്ടു. 2030-ഓടെ രാജ്യം ലക്ഷ്യമിടുന്ന 500 ഗിഗാവാട്ട് ശേഷിയുടെ 60 ശതമാനത്തിലധികമാണിത്. **ഒരു റിപ്പോർട്ട്........**

**(വോയ്‌സ്)**

## RENEWABLE-CAPACITY (VOICE)

രാജ്യത്തെ ആകെ വൈദ്യുതി ഉൽപാദനത്തിൽ ശുദ്ധ ഊർജ്ജത്തിന്റെ വിഹിതം 54 ശതമാനം കടന്നതായി പുനരുപയോഗ ഊർജ്ജമന്ത്രാലയം അറിയിച്ചു. സൗരോർജ്ജ മേഖലയിലെ സമാനതകളില്ലാത്ത മുന്നേറ്റമാണ് ഈ ചരിത്രനേട്ടത്തിന് വഴിയൊരുക്കിയത്. 2014-ൽ 2.8 ഗിഗാവാട്ടായിരുന്ന സൗരോർജ്ജ ശേഷി, നിലവിൽ 165 ഗിഗാവാട്ടായി ഉയർന്നു. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 55.29 ഗിഗാവാട്ടിന്റെ അധിക ശേഷിയാണ് രാജ്യം കൈവരിച്ചത്. ശുദ്ധ ഊർജ്ജത്തിലേക്കുള്ള ഈ മാറ്റം കേവലം പരിസ്ഥിതി സംരക്ഷണം മാത്രമല്ല, മറിച്ച് ഇന്ത്യയുടെ വ്യാവസായിക വളർച്ചയ്ക്കും ഊർജ്ജ സ്വയംപര്യാപ്തതയ്ക്കും അടിത്തറയിടുന്നതാണെന്നുംകേന്ദ്ര സർക്കാർ അറിയിച്ചു.

**ന്യൂസ് ഡസ്ക്, ആകാശവാണി.....**

*********************************************

## JOSHI- NTA MEETING

വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കനുസരിച്ച് സുതാര്യവും വിശ്വസനീയവുമായ പരീക്ഷാ സംവിധാനം കെട്ടിപ്പടുക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്നു കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

*******************************************************

## JHARKHAND - ASSEMBLY MARCH

ജാർഖണ്ഡിൽ നിയമന പരീക്ഷകളിലെ ക്രമക്കേടുകൾക്കെതിരെ രണ്ടാഴ്ചയിലേറെയായി സമരം ചെയ്യുന്ന വിദ്യാർത്ഥികൾ ഇന്ന് നിയമസഭയിലേക്ക് മാർച്ച് നടത്തും. മാർച്ചിനോടനുബന്ധിച്ച് ജാർഖണ്ഡ് പോലീസ് നിയമസഭാ പരിസരത്ത് നിരോധനാജ്ഞ ഏർപ്പെടുത്തി. റാഞ്ചിയിലുടനീളം വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് . അതിനിടെ ജാർഖണ്ഡിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തലസ്ഥാനത്തേക്ക് വരുന്ന നൂറുകണക്കിന് വിദ്യാർത്ഥികളെ പോലീസ് ബലമായി തടയുന്നതായി സമരക്കാർ ആരോപിച്ചു. നിയമന പരീക്ഷകളിലെ ക്രമക്കേടുകളിൽ പ്രതിഷേധിച്ച് ആറ് വിദ്യാർത്ഥികളാണ് നിരാഹാര സമരം നടത്തുന്നത് .

*******************************************************

## INDIA-US NAVY EXERCISE

ഇന്ത്യ - യു.എസ്. നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഇ.ഒ.ഡി സ്ഫോടകവസ്തു നശീകരണ പരിശീലനം ഇന്ന് കൊച്ചിയിൽ ആരംഭിക്കും. ദക്ഷിണ നാവിക കമാൻഡിൽ നടക്കുന്ന അഞ്ചുദിവസത്തെ അഭ്യാസത്തിൽ ഇരുസേനകളുടെയും ഡൈവിങ്, ഇ.ഒ.ഡി ടീമുകൾ പങ്കെടുക്കും. പരസ്പര സഹകരണം ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന പരിശീലനത്തിൻറെ എട്ടാം പതിപ്പാണ് ഇത്.

*******************************************************

## INDIA-BOLIVIA

ബൊളീവിയക്ക് സഹായഹസ്തവുമായി ഇന്ത്യ. 8 മെട്രിക് ടൺ വരുന്ന അവശ്യമരുന്നുകളുടെ ശേഖരമാണ് ഇന്ത്യ കൈമാറിയത്. ബൊളീവിയയുമായി സഹകരണം വർദ്ധിപ്പിക്കാൻ ഇന്ത്യ എപ്പോഴും തയ്യാറാണെന്ന് വിദേശകാര്യ മന്ത്രാലയം സമൂഹ മാധ്യമത്തിൽ അറിയിച്ചു.

*******************************************************

## GOVT- ED EXTENSION

എൻഫോഴ്സ്മെന്റ് ഡയറ്ക്ടറേറ്റ് ഡയറക്ടർ രാഹുൽ നവീന്റെ കാലാവധി ഒരു വർഷം കൂടി നീട്ടി കേന്ദ്ര സർക്കാർ. ഈ മാസം 13 മുതൽ അടുത്ത വർഷം ഓഗസ്റ്റ് 13 വരെയായിരിക്കും കാലാവധി. അടുത്ത വർഷം ജൂലൈ 31 ന് വിരമിക്കാനിരിക്കെയാണ് മന്ത്രിസഭയുടെ നിയമനകാര്യ സമിതി കാലാവധി നീട്ടി നൽകിയത്.

*******************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

*******************************************************

## GOVERNOR

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ ആസ്പദമാക്കി ഇന്ത്യ പോസ്റ്റ് പുറത്തിറക്കുന്ന 'പെർമനന്റ് പിക്റ്റോറിയൽ ക്യാൻസലേഷൻ', 'സ്പെഷ്യൽ കവർ' എന്നിവ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഇന്ന് തിരുവനന്തപുരത്ത് പ്രകാശനം ചെയ്യും. കേരള സർക്കിൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ അമിതാഭ് സിംഗ്, മേയർ വി.വി രാജേഷ് തുടങ്ങിയവർ പങ്കെടുക്കും.

*******************************************************

## RAIN KERALA

കേരളത്തിൽ മഴയുടെ ശക്തി കുറയുന്നുണ്ടെങ്കിലും മഴക്കെടുതികൾ തുടരുന്നു. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

**************************************************

## KALLAKADAL

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി.

**************************************************

## SEMINAR – KANNUR (INTRO)

ആദിവാസി ജീവിതം, ക്ഷേമം, ആരോഗ്യം എന്ന വിഷയത്തിൽ കണ്ണൂർ സർവകലാശാല സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര സെമിനാർ ഇന്ന് ആരംഭിക്കും. സർവ്വകലാശാലയുടെ താവക്കര ക്യാമ്പസിൽ ആണ് സെമിനാർ. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.....**

**(വോയ്സ്)**

**************************************************

## OPERATION GRIP

സംസ്ഥാന വ്യാപകമായി ഗുണ്ടാ പ്രവർത്തനങ്ങൾക്ക് എതിരെ ഓപ്പറേഷൻ ഗ്രിപ്പുമായി കേരള പോലീസ്. എഡിജിപി പി. വിജയൻറെ നിർദ്ദേശപ്രകാരം ഇതിൻറെ ഭാഗമായി പരിശോധനകൾ നടന്നു. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ

ക്കെതിരായ നടപടികളും, ഒന്നിലധികം കേസുകളിൽ പ്രതിയായവർ, ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ തുടങ്ങി സമാധാനപരമായ പൊതുജന ജീവിതത്തിന് തടസ്സം നിൽക്കുന്ന എല്ലാ സാമൂഹ്യവിരുദ്ധ ശക്തികളെയും അമർച്ച ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഓപ്പറേഷൻ ഗ്രിപ്പ് നടപ്പാക്കിയത്.

*********************************************

## KARKADAKA VAVU BALI

കേരളത്തിൽ കർക്കടക ബലിതർപ്പണത്തിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. മറ്റെന്നാളാണ് കർക്കടക വാവ്. പ്രധാന ക്ഷേത്രങ്ങളിലെല്ലാം ബലിതർപ്പണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. ത്രിമൂർത്തി സംഗമസ്ഥാനമായ തിരുനാവായയിൽ കർക്കടകവാവുബലിതർപ്പണം ബുധനാഴ്ച പുലർച്ചെ രണ്ട് മണിക്ക് തുടങ്ങും. തിരുവനന്തപുരം തിരുവല്ലം ക്ഷേത്രത്തിലെ ബലിതർപ്പണ മുന്നൊരുക്കങ്ങൾ രാജീവ് ചന്ദ്രശേഖർ എം എൽ എ ഇന്ന് വിലയിരുത്തും. കർക്കിടക വാവ് ബലി തർപ്പണത്തിന് എത്തുന്നവർക്ക് യാത്ര സുഗമമാക്കാൻ കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. നാളെ തൃപ്പൂണിത്തുറയിൽ നിന്നും ആലുവയിലേക്ക് രാത്രി പതിനൊന്നേകാലിനും, പതിനൊന്നരയ്ക്കും സർവീസ് ഉണ്ടായിരിക്കും.

*********************************************

## WORLD BIOFUEL DAY

ഇന്ന് ലോക ജൈവ ഇന്ധന ദിനം. പരമ്പരാഗത ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ശുദ്ധവും പുനരുപയോഗിക്കാവുന്നതുമായ ഫോസിൽ ഇതര ഇന്ധനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം.

*********************************************

## TRUMP-IRAN

ഹോർമുസ് കടലിടുക്കുമായി ബന്ധപ്പെട്ട സംഘർഷങ്ങൾക്കിടെ, ഇറാനിൽ പുതിയ സൈനിക ആക്രമണത്തിനില്ലെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും, അമേരിക്ക ഏർപ്പെടുത്തിയ നാവിക ഉപരോധം ഇറാൻ ഭരണകൂടത്തിന്റെ സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയെന്നും ട്രംപ് പറഞ്ഞു.

*******************************************************

## RUSSIA-INDIA RAIL ROUTE

ഇന്ത്യയിലേക്കും ഇന്ത്യൻ സമുദ്ര മേഖലകളിലേക്കും നേരിട്ടുള്ള റെയിൽവേ പാത സ്ഥാപിക്കാൻ റഷ്യ ആലോചിക്കുന്നതായി റിപ്പോർട്ട്. ഹോർമുസ്, ബോസ്ഫറസ് കടലിടുക്ക് ഉൾപ്പെടെ തന്ത്രപ്രധാന ജലപാതകളുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടാൻ ഇതര പാതകൾ സഹായിക്കുമെന്ന് റഷ്യൻ ഉപപ്രധാനമന്ത്രി വ്യക്തമാക്കി . തുർക്ക്മെനിസ്ഥാൻ, ഇറാൻ, അഫ്ഗാനിസ്ഥാൻ എന്നിവയിലൂടെ കടന്നുപോകുന്ന റെയിൽവേ പാതകൾ ഇന്ത്യയിലേക്കുള്ള ഗതാഗതത്തിനായി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്നും അദ്ദേഹം അറിയിച്ചു.

*******************************************************

## SQUASH CHAMPIONSHIPS

മുംബൈയിൽ സമാപിച്ച FISU ലോക സർവകലാശാല സ്ക്വാഷ് ചാമ്പ്യൻഷിപ്പിന്റെ ടീം ഇനത്തിൽ ഇന്ത്യക്ക് വെള്ളി മെഡൽ. ഫൈനലിൽ ഹോങ്കോങ് ചൈനയോടാണ് ഇന്ത്യ പരാജയപ്പെട്ടത്. നേരത്തെ ചാമ്പ്യൻഷിപ്പിന്റെ വ്യക്തിഗത ഇനത്തിൽ ഇന്ത്യയുടെ സൂരജ് കുമാർ ചന്ദ് സ്വർണം നേടിയിരുന്നു.

*******************************************************

## INDIAN AIR FORCE BAND

80-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി, ഇന്ത്യൻ പ്രതിരോധ സേനകളും മറ്റ് സായുധ സേനകളും രാജ്യമെമ്പാടും ബാൻഡ് പ്രകടനം അവതരിപ്പിക്കുന്നു. ദക്ഷിണ വ്യോമസേനയുടെ ആഭിമുഖ്യത്തിൽ ഈ മാസം 12, 13 തീയതികളിൽ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ബാൻഡ് പ്രകടനം സംഘടിപ്പിക്കും. സംഗീതത്തിന്റെ ശക്തിയിലൂടെ ദേശീയ ഐക്യ ബോധം വളർത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

****************************************************************************************************************************************